(സി) മിനിമം എക്സ്പോർട്ട് പ്രൈസ് റദ്ദുചെയ്യുന്നത് സംബന്ധിച്ച് നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക്സ് റിസർച്ച് എന്ന സ്ഥാപനത്തിന്റെ പഠന റിപ്പോർട്ട് സംസ്ഥാന താല്പര്യത്തിന് ഹാനികരമാണെന്ന് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(ഡി) ഇതിനെതിരെ കൂട്ടായ സമ്മർദ്ദം ചെലുത്തുന്നതിന് സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് എം.പി. മാരുടെ യോഗം വിളിച്ചുകൂട്ടുമോ;

(ഇ) ഈ കാര്യത്തിൽ ഒരു സർവ്വകക്ഷി നിവേദകസംഘത്തെ ഡൽഹിയ്ക്കയക്കുന്ന കാര്യം പരിഗണിക്കുമോ;

ഉത്തരം

(എ) മിനിമം എക്സ്പോർട്ട് പ്രൈസ് നിർത്തലാക്കിയാൽ കേരളത്തിലെ കയർവ്യവസായം നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കികൊണ്ട് സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിന് കത്ത് അയക്കുകയുണ്ടായി. ഇതുകൂടാതെ ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി ഈ വിഷയം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. വ്യവസായ സാമൂഹ്യക്ഷേമവകുപ്പുമന്ത്രിയും ഇതേ വിഷയം ബന്ധപ്പെട്ട കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി കത്ത് അയക്കുകയും നേരിട്ട് കേന്ദ്രമന്ത്രിയെ കണ്ട് എം.ഇ.പി. നിർത്തലാക്കരുതെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

ഈ കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം പരിഗണിക്കാതെ തീരുമാനം എടുക്കില്ല എന്ന രീതിയിൽ രേഖാമൂലം വാഗ്ദാനം നൽകുകയുണ്ടായില്ല.

(സി) അറിയിച്ചിട്ടുണ്ട്.

(ഡി) 24.11.99-ലും 17.2.2000-ലും വിളിച്ചുകൂട്ടിയ എം.പി. മാരുടെ യോഗത്തിൽ ഇക്കാര്യം ചർച്ചചെയ്തിട്ടുണ്ട്.

(ഇ) പരിഗണിക്കാം.

48 (624) കയർ വ്യവസായമേഖല നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കയർ വ്യവസായമേഖല നേരിടുന്ന പ്രധാനപ്രശ്നങ്ങളെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇവ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കയർ വ്യവസായമേഖലയിലെ തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്.

(ബി) കേരളത്തിലെ കയർമേഖലയിൽ പ്രധാനപ്രശ്നങ്ങളുടെ പരിഹാരത്തിനായി മിനിമം വേതനവും തുടർച്ചയായ തൊഴിലും ഉറപ്പാക്കുക, ഉല്പാദനക്ഷമത നിലവിലുള്ളതിനെക്കാളും വർധിപ്പിക്കുക, ഉത്പാദിക്കുന്ന കയർ ന്യായമായ വിലക്ക് യഥാസമയം വിറ്റഴിക്കാനുള്ള മാർഗ്ഗം സ്വീകരിക്കുക, ഉല്പാദനക്ഷമതയുള്ള യന്ത്രവൽകൃത റാട്ടുകൾ വിവിധ ഏജൻസികൾ വഴി വികസിപ്പിച്ചെടുക്കാൻ നടപടി സ്വീകരിക്കുക. വിദേശത്തും ഇന്ത്യയിലും വമ്പിച്ച തോതിൽ പ്രയോജനപ്പെടുത്താവുന്നതായ "കയർ ജിയോടെക്സ്റ്റിയൽസ്" വികസിപ്പിച്ചെടുക്കുന്നതിന് സഹായകരമായ ഒരു പദ്ധതി നടപ്പിലാക്കുക, പുതിയ കയറുല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക ഇവയാണ്. കൂടാതെ ഉല്പാദനചെലവിനനുസൃതമായി ഉല്പന്നങ്ങൾക്ക് യഥാർത്ഥവില ലഭിക്കുന്നില്ലെന്ന സഹകരണസംഘങ്ങളുടെ പരാതി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചു.

കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്. കയർ യാൺ, കയർഫൈബർ, കയർ പിത്ത് ഉപയോഗിച്ച് പുതിയ കയറുല്പന്നങ്ങൾ ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ വികസിപ്പിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ രണ്ട് പ്രാവശ്യമായി 21 രൂപയുടെ വർധനവ് വരുത്തി. തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ ലഭിക്കുന്നതിനായി പുനഃരുദ്ധാരണ പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിപ്രകാരം 475 സംഘങ്ങൾക്കായി 14.55 കോടി രൂപ ഇതുവരെ 50% വായ്പയായും 50% ഗ്രാന്റായും വിതരണം ചെയ്തു. പൊതു വിപണിയിൽ നിന്ന് ചകിരി വാങ്ങി ഉല്പാദനം നടത്തുന്നതിനായി സബ്സിഡി നൽകുന്ന പദ്ധതി നടപ്പാക്കി. കയറിന്റെ ഉപയോഗം വർദ്ധിപ്പിച്ച് കയർ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ ലഭ്യമാക്കുന്നതിന് കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉപയോഗം വർധിപ്പിക്കാനുള്ള പദ്ധതി 2000-2001 മുതൽ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കയർ തൊഴിലാളി ക്ഷേമനിധി നിയമം ഭേദഗതിചെയ്ത് 28,137 മുൻ കയർ തൊഴിലാളികളെകൂടി ക്ഷേമനിധിയിൽ അംഗമാക്കുകയും തൊഴിൽ ഉടമയുടെ അംഗീകാരമില്ലാതെതന്നെ അംഗത്വവിഹിതമടച്ചു ക്ഷേമനിധിയിൽ അംഗമാക്കാൻ തൊഴിലാളികൾക്ക് അവകാശവും നൽകി. പ്രതിമാസ കയർതൊഴിലാളി പെൻഷൻ 75 രൂപയിൽനിന്ന് 100 രൂപയായി വർധിപ്പിച്ചു.

49 (625) പരമ്പരാഗത കയറുല്പന്ന മേഖല

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയറുല്പന്ന മേഖലയിലെ വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ മേഖലയിൽ ഉല്പാദനക്ഷമതയും ഗുണമേന്മയും വർധിപ്പിക്കുവാൻ ഗുണമേന്മയും വർധിപ്പിക്കുവാൻ കയർബോർഡ് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly